(ബി) ജൂനിയർ സയൻറിഫിക് അസിസ്റ്റൻറുമാരുടെ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് തെരഞ്ഞെടുത്തവരുടെ റാങ്ക് ലിസ്റ്റ് 21-2-1981-ൽ പി. എസ്. സി. പ്രസിദ്ധപ്പെടുത്തി. പ്രസ്തുത ലിസ്റ്റിൽ നിന്ന് ഏഴു പേരെ സംവരണ തത്വം കണക്കിലെടുത്ത് നിയമനത്തിനായി പി. എസ്. സി. ശുപാർശ ചെയ്തതനുസരിച്ച് നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. ഇനി നിയമനം ലഭിക്കുവാൻ ജനറൽ ലിസ്റ്റിൽ 37 പേരും, സപ്ലിമെൻററി ലിസ്റ്റിൽ 6 പേരും ബാക്കിയുണ്ട്.

(സി) ശ്രീ. വി. ആർ. പ്രഭാകരന് റാങ്ക് ലിസ്റ്റിൽ എട്ടാമത്തെ റാങ്ക് ലഭിച്ചിട്ടുണ്ട്.

(ഡി) വേക്കൻസി റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്ക് പി. എസ്. സി. ആണ് ഡിപ്പാർട്ടുമെൻറിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. വികലാംഗർക്ക് അനുവദിച്ചിട്ടുള്ള മുൻഗണന നൽകി ആണ് ശ്രീ. പ്രഭാകരനെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നേരിട്ടുള്ള നിയമനത്തിനു ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

ഡൽഹിയിലുള്ള സ്പെഷ്യൽ റെപ്രസൻേറഷൻ

920 [1692] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലുള്ള സ്പെഷ്യൽ റെപ്രസൻേറഷൻ ഏതു മന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്;

(ബി) അദ്ദേഹത്തിന് ഡൽഹിയിലുള്ള കേരളാ ഹൗസിൻെറ രേഖാചിത്രമുൾപ്പെടെ ഉണ്ടോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

കേരളത്തിലെ പത്രമാസികകൾ

921 [1693] ശ്രീ. ഇ. രമേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ദിനപ്പത്രങ്ങളും വാരികകളും ദൈവാരികകളും മാസികകളും ഉണ്ട്;

(ബി) ഏറ്റവും കൂടുതൽ പ്രതികൾ പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രം ഏത്;

(സി) ഏറ്റവും കുറച്ച് പ്രതികൾ പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രം ഏത്?

ഉത്തരം

(എ) പ്രസ് രജിസ്ട്രാർ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് അനുസരിച്ച് 72 ദിനപ്പത്രങ്ങളും 78 വാരികകളും 44 ദൈവാരികകളും 331 മാസികകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലയാള മനോരമ.

(സി) ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

ഡൽഹിയിലെ സ്പെഷ്യൽ റെപ്രസന്റേറ്റീവിന്റെ ഓഫീസിലെ ഉദ്യോഗസ്ഥൻമാർ

922 [1694] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ സ്പെഷ്യൽ റെപ്രസന്റേറ്റീവിന്റെ ഓഫീസിലെ ഉദ്യോഗസ്ഥൻമാർക്ക് കേരള സർക്കാർ ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളും ബാധകമാണോ;

(ബി) സ്പെഷ്യൽ റെപ്രസന്റേറ്റീവിന്റെ ഓഫീസിലെ ഒരു ക്ലാർക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽകൂടി ജോലി ചെയ്യുന്നുണ്ടെന്നും അവിടെനിന്നും കൂടുതലായി ശമ്പളം പറ്റുന്നുണ്ടെന്നുമുള്ള വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദ്ദേഹത്തിന് സ്ക്കൂട്ടർ അലവൻസ് നല്കുന്നുണ്ടോ; എന്താവശ്യത്തിന്, എന്തു തുക;

(ഡി) സ്ക്കൂട്ടർ അലവൻസ് ഉണ്ടെങ്കിലും അദ്ദേഹം കേരളാ ഹൗസിലെ കാർ ഉപയോഗിക്കുന്നുണ്ടെന്നും അത് എസ്. ആർ. (സ്പെഷ്യൽ റെപ്രസന്റേറ്റീവ്) ഉപയോഗിച്ചതായി രേഖപ്പെടുത്തുന്നുണ്ടെന്നും ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അതിനെക്കുറിച്ച് വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഇല്ല.

(സി) ഇല്ല. ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

ഏവിയേഷൻ ട്രെയിനിങ്ങ് സെന്ററുകളിലെ പരിശീലനത്തിനു വേണ്ടി കേരളാ ഗവൺമെന്റ് നൽകുന്ന ഗ്രാന്റ്

923 [1695] ശ്രീ. വി. കെ. രാജൻ:

,, കെ. വി. സുരേന്ദ്രനാഥ്:

,, ജെ. ചിത്തരഞ്ജൻ:

,, ബി. എം. ഷെറീഫ്:

,, കെ. ടി. കുമാരൻ:

,, കെ. പി. പ്രഭാകരൻ:

LIBRARY ARCHIVES Kerala Legislative Assembly